**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 924** | **31-01-2024 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത്; | (എ) | മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളം 12.02.2021 ലെ GO(Ms)No.57/2021/RD പ്രകാരം 01.07. 2019 പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ശമ്പള പരിഷ്കരണത്തിൽ വന്ന അനോമലി പരിഹരിച്ചുകൊണ്ടുള്ള ദേവസ്വം ബോർഡിന്റെ തീരുമാനത്തിന് അംഗീകാരം ലഭിക്കണമെന്ന ആവശ്യം സർക്കാരിന് ലഭിച്ചത് എന്നാണ്; | (ബി) | സർക്കാർ പുറപ്പെടുവിച്ച ശമ്പളപരിഷ്കരണ ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള വിശദമായ പ്രപ്പോസൽ 14.07.2022 തീയതിയായി സർക്കാരിലേക്ക് സമർപ്പിക്കുകയും ആയത് 26.07.2022 ന് സർക്കാരിൽ ലഭ്യമാകുകയും ഉണ്ടായി. ആയതു പരിശോധിച്ചശേഷം ചില കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനായി സർക്കാരിൽ നിന്നുമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രപ്പോസൽ വീണ്ടും തയ്യാറാക്കി 09.08.2023 ന് സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി. |
| (സി) | ശമ്പള പരിഷ്കരണം മൂലം വരുന്ന അധിക സാമ്പത്തികബാധ്യതയെ സംബന്ധിച്ച് മലബാർ ദേവസ്വം ബോർഡ് ഗവൺമെന്റിന് മുൻപിൽ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; | (സി) | ശമ്പള പരിഷ്കരണം മൂലമുണ്ടാകാവുന്ന അധിക സാമ്പത്തിക ബാധ്യത ക്ഷേത്രങ്ങളുടെ ഫണ്ടിൽ നിന്നു തന്നെയും, പ്രതിസന്ധിഘട്ടത്തിൽ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചും കണ്ടെത്തുന്നതാണെന്നും മലബാർ ദേവസ്വം ബോർഡ് സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | അനോമലി പരിഹരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് എന്നത്തേയ്ക്ക് പുറപ്പെടുവിക്കാനാവുമെന്ന് അറിയിക്കാമോ? | (ഡി) | ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ